## ലേബർ കമ്മീഷണറുടെ നടപടിക്രമം

## (സാന്നിധ്യം : അർജ്ജുൻ പാണ്ഡ്യൻ ഐ എ എസ്)

വിഷയം:- തൊഴിൽ വകുപ്പ് - ക്ലാർക്ക്/സീനിയർ ക്ലാർക്ക് തസ്തികയിലെ ജീവനക്കാരുടെ 2024 വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവ് - ഭേദഗതി വരുത്തി ഉത്തരവാകുന്നു.

വായന :- 1. ലേബർ കമ്മീഷണറുടെ 03.07.2024 തീയതിയിലെ LCo/587/2024/E4 (5) നമ്പർ ഉത്തരവ്.

2. ഇടുക്കി ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ പ്രിസൈഡിംഗ് ഓഫീസറുടെ 04.07.2024 ലെ ഇ.237/2024 നമ്പർ കത്ത്.

==========================================================

**ഉത്തരവ് നം LCO/ 587/2024 ഇ4 (5 a) തീയതി 08-07-2024**

==========================================================

തൊഴിൽ വകുപ്പിലെ ക്ലാർക്ക്/സീനിയർ ക്ലാർക്ക് തസ്തികയിലെ ജീവനക്കാരുടെ 2024 വർഷത്തെ പൊതുസ്ഥലംമാറ്റം നടപ്പാക്കി വായന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം എറണാകുളം ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി. ജയലക്ഷ്മി എസ് (ക്രമ നമ്പർ 18) നെ ഇടുക്കി ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിലേയ്ക്ക് സ്ഥലംമാറ്റി നിയമിച്ചിട്ടുണ്ട്. എന്നാൽ, സസ്പെൻഷനുശേഷം വകുപ്പിൽ ജോലിയിൽ തിരികെ പ്രവേശിപ്പിച്ച ശാസ്താംകോട്ട അസിസ്റ്റന്റ് ലേബർ ഓഫീസറുടെ കാര്യാലയത്തിലെ മുൻ ക്ലർക്ക് ശ്രീമതി. സുസി. എ യെ ഇടുക്കി ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിൽ നിയമിച്ചിരുന്നതും ഇതു സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ SPARK ൽ വരുത്താതിരുന്നതിനാൽ ഓപ്പൺ വേക്കൻസി എന്ന നിലയിൽ ടി ഓഫീസിലേക്ക് പൊതുസ്ഥലംമാറ്റത്തിൽ ശ്രീമതി. ജയലക്ഷ്മി എസ് ന് സ്ഥലംമാറ്റം ലഭിക്കുകയുമാണ് ഉണ്ടായത്. ഇടുക്കി ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിൽ ക്ലർക്ക് തസ്തികയിൽ ഒഴിവ് നിലവിലില്ലാത്തതാണ്. ശ്രീമതി. ജയലക്ഷ്മി എസ് സേവനമനുഷ്ഠിച്ചുവന്നിരുന്ന തസ്തികയിൽ പൊതുസ്ഥലംമാറ്റത്തിൽ മറ്റൊരു ജീവനക്കാരിക്ക് സ്ഥലംമാറ്റം അനുവദിക്കപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, വായന (1) ഉത്തരവിലെ മേൽ പരാമർശിച്ച അപാകത പരിഹരിക്കുന്നതിനായി ടി ഉത്തരവ് ഭേദഗതി ചെയ്ത് ആയതിലെ ക്രമ നം. 18, ക്രമ നം. 23 എന്നിവയിൽ പരാമർശിച്ചിട്ടുള്ള ജീവനക്കാർക്ക് ചുവടെ ചേർക്കും പ്രകാരം സ്ഥലംമാറ്റം അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നം. | പേരും പെൻ നമ്പറും | നിലവിലെ ഓഫീസ് | സ്ഥലംമാറ്റം അനുവദിക്കുന്ന ഓഫീസ് |
|---|---|---|---|
| 1. | ശ്രീമതി. ജയലക്ഷ്മി. എസ് സീനിയർ ക്ലാർക്ക് 230604 | ജില്ലാ ലേബർ ഓഫീസ്, എറണാകുളം | റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ കാര്യാലയം, എറണാകുളം |

| | | | |
|---|---|---|---|
| 2. | ശ്രീ. മിർസ ഷറഫലി<br>സീനിയർ ക്ലാർക്ക്<br>787132 | ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻ, മഞ്ചേരി, മലപ്പുറം | ജില്ലാ ലേബർ ഓഫീസ്, മലപ്പുറം |

മേൽ ഭേദഗതിയോടെ വായന (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

Arjun Pandian IAS

LABOUR

COMMISSIONER

ബന്ധപ്പെട്ട ജീവനക്കാർക്ക്

(വെബ് സൈറ്റ് മുഖേന)

**പകർപ്പ് -**

1. ലേബർ കമ്മീഷണറുടെ പി.എ
2. അഡീഷണൽ ലേബർ കമ്മീഷണർ (ഇ, ഐ.ആർ & ഡബ്ല്യു)
3. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫിസർ
4. ജോയിന്റ് ലേബർ കമ്മീഷണർ (പി)
5. ഡെപ്യൂട്ടി ലേബർ കമ്മീഷണർ (ആസ്ഥാനം)
6. റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, എറണാകുളം,കോഴിക്കോട്
7. ജില്ലാ ലേബർ ഓഫീസർ , മലപ്പുറം
8. ഫയൽ/സ്റ്റോക്ക് ഫയൽ

അംഗീകാരത്തോടെ,

സീനിയർ സൂപ്രണ്ട് (ഇ)